പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3417 — 19.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെയുള്ള ശിക്ഷാ നടപടികൾ

**ചോദ്യം**

ശ്രീ.റോജി എം. ജോൺ

**മറുപടി**

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ചില ഉന്നത ഉദ്യോഗസ്ഥർ കീഴുദ്യോഗസ്ഥരോട് വളരെ മോശമായി പെരുമാറുന്നതായും നിസ്സാര കാര്യങ്ങൾക്കു പോലും പരസ്യമായി അധിക്ഷേപിക്കുന്നതായും കണ്ടെത്തിയിട്ടുണ്ടോ; | (എ) | പരാതി ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച അന്വേഷണം കെ.എസ്.ആർ.ടി.സിയുടെ വിജിലൻസ് വിഭാഗത്തിൽ നടന്നു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് അംഗീകൃത മാനദണ്ഡപ്രകാരമല്ല എന്നത് വസ്തുതയാണോ; | (ബി) | അംഗീകൃതമാനദണ്ഡ പ്രകാരമാണ് ജീവനക്കാർക്ക് എതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നത്. കേരളാ സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15, 16 പ്രകാരമാണ് ശിക്ഷാനടപടികൾ സ്വീകരിക്കുന്നത്. |
| (സി) | യൂണിറ്റ് മേധാവി അറിയാതെ ജീവനക്കാരെ തിരുത്തൽ പരിശീലനത്തിന് അയക്കുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടോ; | (സി) യും (ഡി) യും | ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ആയതിൻമേലുള്ള അന്വേഷണം കെ.എസ്.ആർ.ടി.സിയുടെ വിജിലൻസ് വിഭാഗത്തിൽ നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും മേലുദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ